**പതിമൂന്നാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## പത്താമത് റിപ്പോർട്ട്

(2015 മാർച്ച് 12-ാംതീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (1995-96)യുടെ ഏഴാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ സ്റ്റോൺ ക്രഷറുകൾ സൃഷ്ടിക്കുന്ന പരിസരമലിനീകരണം സംബന്ധിച്ച്) ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

**പത്താമത് റിപ്പോർട്ട്**

(2015 മാർച്ച് 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (1995-96)യുടെ ഏഴാമത് റിപ്പോർട്ടിലെ**
**(സംസ്ഥാനത്തെ സ്റ്റോൺ ക്രഷറുകൾ സൃഷ്ടിക്കുന്ന പരിസരമലിനീകരണം സംബന്ധിച്ച്)**
**ശിപാർശകളിന്മേൽ സ്വീകരിച്ച**
**നടപടികൾ സംബന്ധിച്ച്]**

319/2015.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | സമിതിയുടെ ശിപാർശകളും അതിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളും | .. | 2 |
| അദ്ധ്യായം III : | ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശ | .. | 12 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

**സമിതിയുടെ ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. മാത്യുക്കുട്ടി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-16)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2015 ജനുവരി 14-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

സി. പി. മുഹമ്മദ്,

*അദ്ധ്യക്ഷൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജനുവരി 14.

# റിപ്പോർട്ട്

## അദ്ധ്യായം I

സംസ്ഥാനത്തെ സ്റ്റോൺ ക്രഷറുകൾമൂലം സംജാതമാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് നിരവധി നിവേദനങ്ങൾ സമിതിക്ക് ലഭിക്കുകയുണ്ടായി. പ്രസ്തുത നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണം, വ്യവസായം, പരിസ്ഥിതി, കൃഷി എന്നീ വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും പ്രസ്തുത പ്രദേശങ്ങൾ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. ഒൻപതാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (1995-96)യുടെ ഏഴാമത് റിപ്പോർട്ട് (സംസ്ഥാനത്തെ സ്റ്റോൺ ക്രഷറുകൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച്) 1996 മാർച്ച് മാസം 15-ാം തീയതി നിയമസഭയിൽ സമർപ്പിക്കുകയുണ്ടായി. മെറ്റൽ ക്രഷറുകൾ അനുവദിക്കുന്നതുമൂലം സംജാതമാകുന്ന മലിനീകരണ പ്രശ്നങ്ങളിൽനിന്ന് മനുഷ്യന്റെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും മെറ്റൽ ക്രഷറുകളിൽ നിന്നുള്ള വായുമലിനീകരണം നിയന്ത്രിക്കാൻ ലക്ഷ്യമിട്ടും മനുഷ്യന്റെ ആരോഗ്യത്തിനും പ്രകൃതിയുടെ നിലനിൽപ്പിനും ഭീഷണിയാകാത്ത തരത്തിൽ പ്രവർത്തിക്കാനും ക്രഷറുകൾ സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കാൻ വ്യവസായ സംരംഭകരെ സഹായിക്കാനും ലക്ഷ്യമിട്ട് സഭയിൽ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ടിൽ 11 ശിപാർശകളാണ് ഉണ്ടായിരുന്നത്.

2. സമിതിയുടെ ശിപാർശകളിൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 23-7-1996-ൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചു കൊടുത്തു. റിപ്പോർട്ടിലെ 2, 3, 5, 6, 7, 8, 9, 10, 11 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് 16-12-2003-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. 1, 4 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭിച്ച മറുപടിയിന്മേൽ സമിതി അധികവിവരം ആവശ്യപ്പെടുകയുണ്ടായി. സമിതി ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ആരാഞ്ഞ അധികവിവരത്തിന്മേൽ മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 27-8-2014-ന് തദ്ദേശസ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുപ്പ് നടത്തുകയുണ്ടായി. തുടർന്ന് 1-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സമിതി ആരാഞ്ഞ അധികവിവരത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് മറുപടി ലഭ്യമാക്കുകയും ആയത് സമിതി അംഗീകരിക്കുകയും ചെയ്തു.

3. റിപ്പോർട്ടിലെ 1-ാം ഖണ്ഡികയിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്റ്റോൺ ക്രഷറുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള നിബന്ധനകൾ 1-5-1998 മുതൽ പ്രാബല്യത്തോടെ പരിഷ്കരിച്ചു കൊണ്ട് മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ച 30-4-1998-ലെ സർക്കുലർ തദ്ദേശസ്വയംഭരണ വകുപ്പ് സമിതിക്ക് ലഭ്യമാക്കുകയുണ്ടായി. ആയത് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

4. സർക്കാരിൽനിന്നും ലഭിച്ച മറുപടിയിന്മേൽ സമിതി അംഗീകരിച്ചവയും അവയ്ക്ക് ആധാരമായ ശിപാർശകളും ഈ റിപ്പോർട്ടിൽ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു. റിപ്പോർട്ടിലെ 4-ാം ഖണ്ഡികയിലെ ശിപാർശയും അതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയും അത് പരിഗണിച്ചശേഷം സമിതി ആവശ്യപ്പെട്ട അധികവിവരവും നീണ്ട പത്തു വർഷം കഴിഞ്ഞിട്ടും അധികവിവരം ലഭ്യമാക്കാതിരുന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ നടപടി സംബന്ധിച്ച സമിതി ശിപാർശയും ഈ റിപ്പോർട്ടിന്റെ മൂന്നാം അദ്ധ്യായത്തിലും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

# സമിതിയുടെ ശിപാർശകളും അതിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളും

### ശിപാർശ (1)

സ്റ്റോൺ ക്രഷറുകൾമൂലമുണ്ടാകുന്നത് പ്രധാനമായും രണ്ടു തരം മലിനീകരണങ്ങളാണ്:

(1) വായുമലിനീകരണം

(2) ശബ്ദമലിനീകരണം

ഈ മലിനീകരണങ്ങൾ തടയുന്നതിനുവേണ്ടി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എൻ.ഒ.സി. കൊടുക്കുമ്പോൾ മലിനീകരണ നിവാരണത്തിനുള്ള ചില സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കണമെന്ന് നിഷ്കർഷിക്കാറുണ്ട്. എന്നാൽ വിരലിലെണ്ണാവുന്ന ക്രഷറുകളൊഴികെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്റ്റോൺ ക്രഷറുകൾ ഇവയെല്ലാം പാടേ അവഗണിച്ചിരിക്കുകയാണ്. സ്റ്റോൺ ക്രഷറുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ ലൈസൻസിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പാലിച്ചിരിക്കണമെന്ന് പറയാറുണ്ട്. എന്നാൽ മലിനീകരണ നിവാരണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞു എന്ന് ഉറപ്പുവരുത്തിയതിനുശേഷമല്ല പഞ്ചായത്തുകൾ ലൈസൻസ് നൽകുന്നത്. ആയതിനാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും ഇല്ലാത്തപക്ഷം ലൈസൻസ് ക്യാൻസൽ ചെയ്യാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതുമാണ്.

### സർക്കാർ സ്വീകരിച്ച നടപടി

### ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 37870/ജി3/96/ആകുവ. തീയതി 25-8-1997)

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകുന്ന എൻ.ഒ.സി.യിലെയും കൺസെന്റിലേയും നിബന്ധനകൾ പാലിച്ചിട്ടാണോ ക്രഷർ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കാനും അല്ലാത്തപക്ഷം പഞ്ചായത്തിൽനിന്നും അവയ്ക്ക് നൽകിയിട്ടുള്ള ലൈസൻസ് ക്യാൻസൽ ചെയ്യാനുള്ള നടപടി സ്വീകരിക്കാനുമുള്ള നിർദ്ദേശങ്ങൾ ബോർഡിൽനിന്നും പഞ്ചായത്ത് അധികൃതർക്ക് ഇതിനകം നൽകിയിട്ടുണ്ട്. ബോർഡിന്റെ എൻ.ഒ.സി. ഹാജരാക്കിയാൽ മാത്രമേ പുതിയ മെറ്റൽ ക്രഷറുകൾക്ക് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് നൽകുവാൻ പാടുള്ളൂവെന്നും വായുനിയമപ്രകാരമുള്ള കൺസെന്റ് ഹാജരാക്കിയാൽ മാത്രമേ നിലവിലുള്ള ലൈസൻസ് പുതുക്കി നൽകാവൂ എന്നും ആവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താത്ത മെറ്റൽ ക്രഷറുകളുടെ ലൈസൻസ് ക്യാൻസൽ ചെയ്യാനും 6-12-1995-ൽ മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും പഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ (എൻ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 48720/എൻ1/95/തഭവ. തീയതി 28-5-1999)

സ്റ്റോൺ ക്രഷറുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള നിബന്ധനകൾ 1-5-1998 മുതൽ പ്രാബല്യത്തോടെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സമൂലം പരിഷ്കരിച്ചു.

എ. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്ഥാപനാനുമതി (കൺസെന്റ് ടു എസ്റ്റാബ്ലിഷ്/എൻ.ഒ.സി.) ഉള്ളവർക്കുമാത്രം പഞ്ചായത്ത് ക്രഷർ സ്ഥാപിക്കാൻ ലൈസൻസ് നൽകുകകയും ബോർഡിന്റെ പ്രവർത്തനാനുമതി (കൺസെന്റ് ടു ഓപ്പറേറ്റ്) ഉള്ളവർക്കുമാത്രം പഞ്ചായത്ത് ലൈസൻസ് പുതുക്കി കൊടുക്കുകയും ചെയ്യത്തക്കവിധം പഞ്ചായത്ത് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ബി. മലിനീകരണ നിയന്ത്രണത്തിനായുള്ള താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കാത്ത ക്രഷറുകൾക്ക് പഞ്ചായത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും പഞ്ചായത്ത് ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(1) ക്രഷർ 6 മണി സന്ധ്യ തൊട്ട് 6 മണി രാവിലെവരെ പ്രവർത്തിപ്പിക്കരുത്.

(2) ക്രഷർ കോമ്പൗണ്ടിനുള്ളിലെ റോഡുകൾ ടാർ ചെയ്യുകയോ കോൺക്രീറ്റ് ചെയ്യുകയോ വേണം.

(3) ക്രഷർ കോമ്പൗണ്ട് അതിർത്തിക്കുള്ളിൽ ഹരിതവലയം ഉണ്ടാക്കാനായി ഉചിതമായി വൃക്ഷങ്ങൾ നട്ടു വളർത്തണം.

സി. താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കുന്നില്ലെന്ന് സംശയമുണ്ടെങ്കിൽ പഞ്ചായത്ത് അക്കാര്യം മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓഫീസിൽ മേൽനടപടികൾക്കായി അറിയിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(1) ക്രഷർ, ക്ളാസിഫയർ, സ്ക്രീൻ തുടങ്ങി ശബ്ദവും പൊടിയുമുണ്ടാക്കുന്ന സംവിധാനങ്ങൾ 23 സെന്റീമീറ്ററിൽ കുറയാതെ കനമുള്ള ഭിത്തിയും ഉചിതമായ മേൽക്കൂരയുമുള്ള കെട്ടിടങ്ങളിൽ പ്രവർത്തിപ്പിക്കണം (നിലവിലുള്ള ക്രഷറുകൾക്ക് കെട്ടിടം കെട്ടാൻ 30-4-1999 വരെ സാവകാശമുണ്ട്).

(2) പൊടി വലിച്ചെടുക്കാനും വെള്ളം തളിച്ചമർത്താനും ശേഖരിക്കാനുമുള്ള സംവിധാനങ്ങൾ വേണം.

(3) രണ്ടു ദിവസത്തേക്കെങ്കിലും വേണ്ട ജലസംഭരണശേഷി ഉണ്ടായിരിക്കണം.

(4) പറമ്പ് ക്രമമായി വൃത്തിയാക്കാനും നനയ്ക്കാനുമുള്ള സംവിധാനം വേണം.

(5) ക്രഷറിന്റെ മദ്ധ്യത്തിൽനിന്നും 40 മീറ്റർ അകലെ വായുവിലെ പൊടിയുടെ അംശം ഘനമീറ്ററിൽ 600 മൈക്രോഗ്രാമിൽ കൂടരുത്.

(6) ക്രഷർ കോമ്പൗണ്ടിന്റെ 1 മീറ്റർ പുറത്ത് ശബ്ദം (എൻ ഇക്വവലന്റ് സ്കെയിലിൽ) 55 ഡെസിബൽ (എ) കവിയരുത്.

ഡി. താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കാനാവാത്ത ക്രഷറുകൾക്ക് 1-5-1998 മുതൽ പുതുതായി അനുമതി (എൻ.ഒ.സി.) നൽകുന്നില്ല.

(1) 30 ഹോഴ്സ് പവർ വരെ ശേഷിയുള്ള ക്രഷറുകൾക്ക് കുറഞ്ഞത് അര ഹെക്ടർ ഭൂമിയും അതിനുമുകളിൽ ശേഷിയുള്ളവയ്ക്ക് ഒരു ഹെക്ടർ ഭൂമിയും സ്വന്തമായിട്ടുണ്ടാവണം (സ്ക്രീൻ, കൺവയർ തുടങ്ങിയവയുടെ ശേഷി ഇതിൽ കണക്കിലെടുക്കുന്നില്ല).

(2) 30 എച്ച്.പി. വരെ ശേഷിയുള്ള ക്രഷറുകൾക്ക് ക്രഷർ മദ്ധ്യത്തിൽനിന്നും അതിർത്തിവരെ 30 മീറ്റർ എങ്കിലും സ്ഥലം സ്വന്തമായി വേണം. 30-ൽപ്പരം എച്ച്.പി. ശേഷിയുള്ളവർക്ക് 50 മീറ്റർ വരെയെങ്കിലും സ്ഥലം സ്വന്തമായി വേണം.

(3) ക്രഷർ മദ്ധ്യത്തിൽനിന്നും 250 മീറ്റർ വരെയുള്ള സ്ഥലത്ത് വസതികളോ (ക്രഷർ ഉടമയുടേതായാലും) പൊതുസ്ഥാപനങ്ങളോ ആരാധാനാലയങ്ങളോ ഉണ്ടായിരിക്കരുത്.

(4) ക്രഷർ മദ്ധ്യത്തിൽനിന്നും ദേശീയ/സംസ്ഥാന പാതയിലേക്ക് കുറഞ്ഞത് 250 മീറ്റർ ദൂരം വേണം.

(5) ക്രഷറുകൾ തമ്മിൽ മദ്ധ്യത്തോടുമദ്ധ്യം കുറഞ്ഞത് 500 മീറ്റർ അകലം വേണം.

ക്രഷർ സ്ഥാപിക്കാനായി 1-5-1998-നുശേഷം നൽകുന്ന അനുമതികൾക്ക് രണ്ടുവർഷത്തെ പ്രാബല്യമാണുള്ളത്, അതിനുമുൻപ് അനുമതി നൽകിയവയ്ക്ക് 31-4-2000 വരെ പ്രാബല്യമുണ്ട്. പ്രസ്തുത കാലത്തിനുള്ളിൽ ക്രഷറിന്റെ നിർമ്മാണം ആരംഭിക്കുകയെങ്കിലും ചെയ്തില്ലെങ്കിൽ അനുമതി പുതുക്കി നൽകുകയില്ല. അനുമതിക്കായി ഒന്നേന്ന് അപേക്ഷിക്കുകയാണെങ്കിൽ അന്നത്തെ സാഹചര്യപ്രകാരം തീരുമാനമെടുക്കുന്നതാണ്.

## സമിതി ആരാഞ്ഞ അധികവിവരം

സ്റ്റോൺ ക്രഷറുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള നിബന്ധനകൾ സംബന്ധിച്ച് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഇറക്കിയിട്ടുള്ള 30-4-1998-ലെ സർക്കുലറിന്റെ നിർദ്ദേശങ്ങൾ സ്റ്റോൺ ക്രഷറുകൾ എത്രമാത്രം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട് എന്നതിനെക്കുറിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുക.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

<u>തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ 59166/ആർ.സി.3/14/തസ്വഭവ. തീയതി 10-11-2014)

പരിസ്ഥിതി സംബന്ധിച്ച സമിതി ശിപാർശ പ്രകാരം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ പത്രത്തിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷമേ ക്രഷർ യൂണിറ്റുകൾക്ക് ലൈസൻസ് നൽകാവൂ എന്ന് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ (2)</u>

സ്റ്റോൺ ക്രഷറുകളുടെ എണ്ണം വർഷംതോറും വർദ്ധിച്ചുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഒരു പഞ്ചായത്തിൽ തന്നെ നിരവധി സ്റ്റോൺ ക്രഷറുകൾ പ്രവർത്തിക്കുന്നതായി സമിതിക്ക് ബോദ്ധ്യമായി. യാതൊരു മലിനീകരണ നിയന്ത്രണസംവിധാനവുമില്ലാതെ ഒന്നിലധികം മെറ്റൽ ക്രഷറുകൾ അടുത്തടുത്ത് സ്ഥാപിക്കാൻ അനുവദിക്കുന്നത് ഒട്ടുംതന്നെ അഭികാമ്യമല്ല. ആയതിനാൽ ഒരു പഞ്ചായത്തിൽ അനുവദിക്കാവുന്ന മെറ്റൽ ക്രഷറുകളുടെ എണ്ണം എത്രയെന്നും മെറ്റൽ ക്രഷറുകൾ തമ്മിലുള്ള അകലം എത്രയായിരിക്കണമെന്നും നിശ്ചയിക്കാൻ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തി അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ 37870/ജി3/96/ആകുവ. തീയതി 25-8-1997)

സ്റ്റോൺ ക്രഷറുകളുടെ എണ്ണം നിയന്ത്രിക്കുന്നതിനുവേണ്ടി ഓരോ പഞ്ചായത്തിലും പരമാവധി അനുവദിക്കാവുന്ന സ്റ്റോൺ ക്രഷറുകളുടെ എണ്ണവും മെറ്റൽ ക്രഷറുകൾ തമ്മിലുള്ള അകലവും നിശ്ചയിച്ച് തീരുമാനം എടുക്കാനും അവ പഞ്ചായത്തുകളെക്കൊണ്ട് നടപ്പിലാക്കാനുംവേണ്ട നടപടി കൈക്കൊള്ളണമെന്നും പഞ്ചായത്ത് അധികൃതർക്ക് മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ അനന്തര നടപടികൾ കൈക്കൊള്ളേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്. മെറ്റൽ ക്രഷറുകൾ തമ്മിലുള്ള അകലം കുറഞ്ഞത് 2 കിലോമീറ്റർ (ചുറ്റളവ്) ആയിരിക്കണമെന്നാണ് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ളത്. കേരളത്തിന്റെ ജനസാന്ദ്രതയും മറ്റു പ്രത്യേകതകളും കണക്കിലെടുത്ത് മെറ്റൽ ക്രഷറുകൾ തമ്മിലും ദൂരപരിധി നിഷ്കർഷിക്കുന്നത് അഭികാമ്യമായിരിക്കും. ക്രഷറുകളിൽ നിന്നുള്ള മലിനീകരണം വിശദമായി പഠിച്ച് ബോർഡ് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ (എൻ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 48720/എൻ1/95/തഭവ. തീയതി 28-5-1999)

ഒരു പഞ്ചായത്തിൽ എത്ര ക്രഷറുകളാകാം എന്നത് ഏതെങ്കിലും അടിസ്ഥാനത്തിൽ (ഉദാഹരണത്തിന് വാർഡുകളുടെ എണ്ണത്തിന് തുല്യമായി) നിജപ്പെടുത്തുന്നതിനു പ്രായോഗിക ബുദ്ധിമുട്ടുണ്ട്. എന്നാൽ ക്രഷറുകൾ തമ്മിലും (500 മീറ്റർ) ക്രഷറും സമീപ വസതികളും മറ്റുമായും (250 മീറ്റർ) വേണ്ട ആവശ്യം ദൂരം ബോർഡ് പുതുക്കി നിശ്ചയിച്ചതോടെ ക്രഷറുകളുടെ എണ്ണത്തിലെ ക്രമാതീതവർദ്ധനയ്ക്ക് നിയന്ത്രണ മുണ്ടായിട്ടുണ്ട്.

ശിപാർശ (3)

സ്റ്റോൺ ക്രഷറുകൾ പ്രവർത്തിക്കുന്നതുമൂലമുണ്ടാകുന്ന വിവിധ മലിനീകരണത്തിന്റെ തോതളക്കുന്നതിന് ഫലപ്രദമായ സംവിധാനം ഇന്നില്ല. ഈ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 37870/ജി3/96/ആകുവ. തീയതി 25-8-1997)

സംസ്ഥാന മലിനീകരണ/നിയന്ത്രണ ബോർഡിൽ ലഭ്യമായ മാനവശേഷിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പരമാവധി ഉപയുക്തമാക്കി മെറ്റൽ ക്രഷറുകളിൽ നിന്നുള്ള മലിനീകരണത്തിന്റെ തോത് അളക്കാൻവേണ്ട നടപടികൾ ബോർഡ് കൈക്കൊണ്ടിട്ടുണ്ട്. ബോർഡിന് എല്ലാ ജില്ലകളിലും ഓഫീസ് ആരംഭിക്കുകയും അവിടെ ആവശ്യമായ മാനവശേഷി ലഭ്യമാക്കിയാലും മാത്രമേ ഇക്കാര്യത്തിൽ സാരമായ പുരോഗതി കൈവരിക്കാൻ സാധിക്കൂ. അതിന്റെ ആദ്യപടിയായി കൊല്ലത്ത് ഒരു പുതിയ ഡിസ്ട്രിക്ട് ഓഫീസ് തുടങ്ങാനും പാലക്കാട് നിലവിലുണ്ടായിരുന്ന ഒരു സബ് റീജിയണൽ ഓഫീസിനെ ഡിസ്ട്രിക്ട് ഓഫീസായി ഉയർത്താനും കഴിഞ്ഞു. ഘട്ടംഘട്ടമായി ശേഷിക്കുന്ന ജില്ലകളിലും ബോർഡിന്റെ ഡിസ്ട്രിക്ട് ഓഫീസുകൾ തുറക്കാനാണ് പരിപാടി ഇട്ടിട്ടുള്ളത്. നടപ്പു സാമ്പത്തിക വർഷത്തിൽ ആലപ്പുഴയിലും തൃശ്ശൂരിലും പുതിയ ഡിസ്ട്രിക്ട് ഓഫീസുകൾ സ്ഥാപിക്കാൻ കഴിഞ്ഞു. ശേഷിക്കുന്ന ജില്ലകളിലും ബോർഡിന്റെ ജില്ലാതല ഓഫീസുകൾ തുറക്കുന്നതോടുകൂടി മെറ്റൽ ക്രഷറുകളിൽ നിന്നുള്ള മലിനീകരണത്തിന്റെ തോത് അളക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താൻ ബോർഡിന് കഴിയും. സമിതിയുടെ ശിപാർശ കണക്കിലെടുത്ത് ഇക്കാര്യത്തിൽ ബോർഡ് കൂടുതൽ ശ്രദ്ധ ചെലുത്തി വരികയാണ്.

<u>തദ്ദേശസ്വയംഭരണ (എൻ) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ 48720/എൻ1/95/തഭവ. തീയതി 28-5-1999)

ക്രഷറുകളിൽ നിന്നുള്ള പൊടിയും ശബ്ദവും അളക്കുന്നത് ശ്രമകരമായ ജോലിയാണെങ്കിലും ബോർഡ് അതിൽ കൂടുതൽ ശ്രദ്ധിച്ചുവരുന്നു. 9 ജില്ലാ ഓഫീസുകളിൽ നിന്നും ഇതിൽ ശ്രദ്ധിക്കുന്നുണ്ട്. പത്തനംതിട്ടയും മലപ്പുറത്തും ഈ വർഷം ഓഫീസ് തുറക്കുന്നതോടെ അവിടെയും കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ കഴിയും. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ തുടർച്ചയായി പ്രവർത്തിപ്പിക്കാതിരിക്കുന്നതാണ് പ്രശ്നമാകുന്നത്. ഇതിനു പരിഹാരമായാണ് ബോർഡ് പുതിയ നിബന്ധനകൾ കൊണ്ടുവരുന്നത്. അടച്ചുമൂടിയ കെട്ടിടത്തിനുള്ളിൽ വേണ്ടത്ര ദൂരപരിധി പാലിച്ചുകൊണ്ട് സ്ഥാപിക്കപ്പെടുന്ന ക്രഷറുകളിൽനിന്നും പൊതുജനത്തിനു മലിനീകരണ പ്രശ്നമുണ്ടാകാൻ ഇടയില്ല. നിലവിലുള്ള ക്രഷറുകൾക്കും 30-4-1999-നകം കെട്ടിടം നിർബന്ധമാക്കിയിട്ടുണ്ട്.

<u>ശിപാർശ (5)</u>

സ്റ്റോൺ ക്രഷറുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് 100 മീറ്റർ ചുറ്റളവിൽ വീടുകളോ ദേവാലയങ്ങളോ പൊതുസ്ഥാപനങ്ങളോ പാടില്ലെന്നാണ് നിലവിലുള്ള നിബന്ധന. ജനസാന്ദ്രത കൂടിയ നമ്മുടെ സംസ്ഥാനത്ത് ഈ ദൂരപരിധി ആരോഗ്യപാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമായേക്കാമെന്ന് സമിതി ശങ്കിക്കുന്നു. ആയതിനാൽ ഈ ദൂരപരിധി വർദ്ധിപ്പിക്കേണ്ടതുണ്ടോയെന്ന് ശാസ്ത്രീയമായി പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ 37870/ജി3/96/ആകുവ. തീയതി 25-8-1997)

സ്റ്റോൺ ക്രഷറുകൾ സ്ഥാപിക്കുന്നതിന് 100 മീറ്റർ ചുറ്റളവിൽ വീടുകളോ ദേവാലയങ്ങളോ പൊതുസ്ഥാപനങ്ങളോ പാടില്ലെന്നാണ് ബോർഡിന്റെ നിബന്ധന. 100 മീറ്റർ ചുറ്റളവ് എന്ന ദൂരപരിധി കൂട്ടേണ്ടതുണ്ടോ എന്ന് പരിശോധിക്കാനും സ്റ്റോൺ ക്രഷർ സ്ഥാപിക്കുന്നതിന് മിനിമം സ്ഥലം എത്ര ആവശ്യമുണ്ട് എന്നു പരിശോധിക്കുന്നതിനുമായി സ്റ്റോൺ ക്രഷറുകളിൽ ഒരു പഠനം ബോർഡ് നടത്തിയിട്ടുണ്ട്. അതിന്റെ അന്തിമ റിപ്പോർട്ട് ഇപ്പോൾ തയ്യാറാക്കി വരികയാണ്. ടി റിപ്പോർട്ട് പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ ബോർഡ് കൈക്കൊള്ളുന്നതാണ്.

<u>തദ്ദേശസ്വയംഭരണ (എൻ) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ 48720/എൻ1/95/തഭവ. തീയതി 28-5-1999)

ബോർഡ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ദൂരപരിധി സംബന്ധിച്ചും വിസ്തൃതി സംബന്ധിച്ചും പുതുക്കിയ കർശനമായ നിബന്ധനകൾ 1-5-1998 മുതൽ നടപ്പിലായിക്കഴിഞ്ഞു. ഇതനുസരിച്ച് പുതുതായി സ്ഥാപിക്കുന്ന സ്റ്റോൺ ക്രഷറുകൾക്ക് 250 മീറ്റർ ചുറ്റളവിൽ വീടുകളോ ദേവാലയങ്ങളോ പൊതുസ്ഥാപനങ്ങളോ പാടില്ല.

ശിപാർശ (6)

ബന്ധപ്പെട്ട ഗവൺമെന്റ് വകുപ്പുകളുടേയോ മറ്റ് ഏജൻസികളുടേയോ അനുമതിയോ ലൈസൻസോ ഇല്ലാതെ വളരെയധികം സ്റ്റോൺ ക്രഷറുകൾ പ്രവർത്തിക്കുന്നതായി സമിതിക്ക് പരാതി കിട്ടിയിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ അനധികൃത സ്റ്റോൺ ക്രഷർ യൂണിറ്റുകളും കണ്ടുപിടിക്കുന്നതിനും ബന്ധപ്പെട്ട അധികൃതരിൽ നിന്നും നിയമാനുസൃതമായ അനുമതിയും ലൈസൻസും ലഭ്യമാക്കുന്നതുവരെ അവയുടെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം. ഇതിന്റെ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കേണ്ടതാണ്.

സർക്കാർ സ്വീകരിച്ച നടപടി

ആരോഗ്യകുടുംബക്ഷേമ (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 37870/ജി3/96/ആകുവ. തീയതി 25-8-1997)

അനധികൃത മെറ്റൽ ക്രഷറുകളെ കണ്ടെത്തി അവയെക്കൊണ്ട് ആവശ്യമായ ലൈസൻസുകളോ അനുമതികളോ എടുപ്പിക്കാൻവേണ്ട നടപടി കൈക്കൊള്ളാൻ തദ്ദേശസ്വയംഭരണ വകുപ്പ് അധികൃതർക്ക് ബോർഡിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ (എൻ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 48720/എൻ1/95/തഭവ. തീയതി 28-5-1999)

ബോർഡിന്റെ അനുമതിപത്രം ഇല്ലാതെ പ്രവർത്തിക്കുന്ന അനധികൃത ക്രഷറുകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ എടുക്കാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്തിൽനിന്നും വിവരം ലഭിച്ച അനധികൃത ക്രഷറുകൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാനും ആവശ്യമെങ്കിൽ ബോർഡിന് കഴിയും. ഒന്നരവർഷത്തിൽ കുറയാതെയും 6 വർഷത്തിൽ കൂടാതെയുമുള്ള തടവും പുറമെ പിഴയുമാണ് ബോർഡിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പുകാർക്ക് ലഭിക്കാവുന്ന ശിക്ഷ.

തദ്ദേശസ്വയംഭരണ (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 35874/സി2/96/തഭവ. തീയതി 3-3-1999)

ആപത്കരവും അസഹ്യവുമായ വ്യവസായങ്ങൾക്ക് ലൈസൻസ് നൽകുന്ന നടപടിക്രമങ്ങളിൽ തക്കതായ മാറ്റം വരുത്തുന്നതിന് ആവശ്യമായ ശിപാർശകൾ ചെയ്യുന്നതിന് ഒരു സമിതിയെ നിയമിച്ചിട്ടുണ്ടെന്നും മേൽ സമിതിയുടെ ശിപാർശകൾ ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

ശിപാർശ (7)

മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഭാഗികമായോ പൂർണ്ണമായോ ഏർപ്പെടുത്തിയിട്ടുള്ള സ്റ്റോൺ ക്രഷറുകളിൽ പോലും അവ പ്രവർത്തിപ്പിക്കാറില്ലെന്ന് സമിതിക്ക് ബോധ്യമായി. ഇത്തരം സംവിധാനങ്ങൾ പ്രവർത്തിപ്പിക്കാൻ വിസമ്മതിക്കുന്ന ക്രഷർ ഉടമകൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ 37870/ജി3/96/ആകുവ. തീയതി 25-8-1999)

മലിനീകരണ നിയന്ത്രണ ബോർഡിൽ ലഭ്യമായ മാനവശേഷിയും മറ്റടിസ്ഥാന സൗകര്യങ്ങളും പരമാവധി ഉപയുക്തമാക്കി സ്റ്റോൺ ക്രഷറുകളിൽ സജ്ജമാക്കിയിട്ടുള്ള മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നുണ്ടെങ്കിലും ബോർഡിൽ നിക്ഷിപ്തമായ ഭാരിച്ച മറ്റ് ഉത്തരവാദിത്വങ്ങൾമൂലം മെറ്റൽ ക്രഷറുകൾക്ക് അവ അർഹിക്കുന്ന പ്രാധാന്യം കൊടുക്കാൻ ബോർഡിന് കഴിയുന്നില്ല. മുൻപ് പരാമർശിച്ചതുപോലെ ബോർഡിന് എല്ലാ ജില്ലകളിലും ജില്ലാതല ഓഫീസുകൾ ആരംഭിക്കുന്നതോടെ ഇക്കാര്യത്തിൽ കൂടുതൽ പുരോഗതി കൈവരിക്കാൻ സാധിക്കും. ബോർഡിലെ മാനവശേഷി വിപുലീകരിക്കുന്നതിനും ബോർഡിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുമായി ഒരു ഇൻഡോ-ഡച്ച് സഹകരണ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിൽ വരുന്നതോടെ ഇപ്പോഴുള്ള സ്ഥിതി കുറച്ചുകൂടി മെച്ചപ്പെടും.

<u>തദ്ദേശസ്വയംഭരണ (എൻ) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ 48720/എൻ1/95/തഭവ. തീയതി 28-5-1999)

ക്രഷറുകളിൽ നിന്നുമുള്ള പൊടിയും ശബ്ദവും അളക്കുന്നത് ശ്രമകരമായ ജോലിയാണെങ്കിലും ബോർഡ് അതിൽ കൂടുതൽ ശ്രദ്ധിച്ചുവരുന്നു. 9 ജില്ലാ ഓഫീസുകളിൽ നിന്നും ഇതിൽ ശ്രദ്ധിക്കുന്നുണ്ട്. പത്തനംതിട്ടയും മലപ്പുറത്തും ഈ വർഷം ഓഫീസ് തുറക്കുന്നതോടെ അവിടെയും കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ കഴിയും. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ തുടർച്ചയായി പ്രവർത്തിപ്പിക്കാതിരിക്കുന്നതാണ് പ്രശ്നമാകുന്നത്. ഇതിന് പരിഹാരമായാണ് ബോർഡ് പുതിയ നിബന്ധനകൾ കൊണ്ടുവന്നത്. അടച്ചുമൂടിയ കെട്ടിടത്തിനുള്ളിൽ വേണ്ടത്ര ദൂരപരിധി പാലിച്ചുകൊണ്ട് സ്ഥാപിക്കപ്പെടുന്ന ക്രഷറുകളിൽനിന്നും പൊതുജനങ്ങൾക്ക് മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാകുവാൻ ഇടയില്ല. നിലവിലുള്ള ക്രഷറുകൾക്കും 30-4-1999-നകം കെട്ടിടം നിർബന്ധമാക്കിയിട്ടുണ്ട്.

<u>ശിപാർശ (8)</u>

വ്യവസായം ആരംഭിക്കുന്നതിനായി അപേക്ഷിച്ച് 45 ദിവസത്തിനകം നിരാക്ഷേപ പത്രവും ലൈസൻസും ലഭിക്കാതെവന്നാൽ അവ ലഭിച്ചതായി കണക്കാക്കിക്കൊണ്ട് വ്യവസായങ്ങൾ ആരംഭിക്കാൻ വ്യവസായ സംരംഭകരെ അനുവദിക്കണമെന്ന് ഗവൺമെന്റിന്റെ പുതിയ വ്യവസായനയം വ്യവസ്ഥ ചെയ്യുന്നു. ഇത് സ്റ്റോൺ ക്രഷറുകളുടെ കാര്യത്തിലും ബാധകമാണെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി. പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സ്റ്റോൺ ക്രഷറുകൾ പോലുള്ള യൂണിറ്റുകളുടെ കാര്യത്തിൽ ഈ നിബന്ധന ഒഴിവാക്കേണ്ടതാണെന്ന് സമിതി കരുതുന്നു. ആയത് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 37870/ ജി2/96/ആകുവ. തീയതി 25-8-1997)

ഇത് ആരോഗ്യവകുപ്പിനെ സംബന്ധിക്കുന്നതല്ല. ശിപാർശയുടെ പ്രസക്തഭാഗം വ്യവസായ വകുപ്പിന് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ (എൻ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 48720/എൻ1/95/തഭവ. തീയതി 28-5-1999)

ബോർഡിന്റെ അനുമതി സ്റ്റാറ്റ്യൂട്ടറി ആയതിനാൽ വ്യവസായ വകുപ്പിന്റെ എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം അതിന്റെ നടപടിക്രമങ്ങളിൽ മാറ്റം വരുത്തുവാൻ കഴിയുകയില്ല.

ശിപാർശ (9)

സ്റ്റോൺ ക്രഷറുകൾ സൃഷ്ടിക്കുന്ന മലിനീകരണ പ്രശ്നങ്ങൾ ശാസ്ത്രീയമായി പഠന വിധേയമാക്കിയിട്ടില്ലെന്നാണ് സമിതി കരുതുന്നത്. ഭൂരിപക്ഷം സ്റ്റോൺ ക്രഷറുകളിലും മലിനീകരണ നിയന്ത്രണ സംവിധാനങ്ങളില്ലായെന്നുള്ളത് വസ്തുതയാണ്. ഇത് സ്റ്റോൺ ക്രഷറുകളിൽ പണിയെടുക്കുന്നവരേയും പരിസരവാസികളേയും ആ പ്രദേശത്തിന്റെ പരിസ്ഥിതിയേയും എങ്ങനെയെല്ലാം ബാധിക്കുമെന്ന് പഠനം നടത്തേണ്ടിയിരിക്കുന്നു. പൊതുജനങ്ങളുടെ ആരോഗ്യം, കൃഷിനാശം, ജലമലിനീകരണം, തൊഴിലാളികൾ അഭിമുഖീകരിക്കേണ്ടതായ തൊഴിൽജന്യ രോഗങ്ങൾ എന്നിവയെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്താൻ സംവിധാനമുണ്ടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 37870/ജി2/96/ആകുവ. തീയതി 25-8-1997)

സ്റ്റോൺ ക്രഷറുകളിൽ നിന്നുള്ള മലിനീകരണ പ്രശ്നങ്ങളെക്കുറിച്ച് ഒരു പഠനം ബോർഡ് നടത്തി. ആയതിന്റെ റിപ്പോർട്ട് തയ്യാറാക്കിവരികയാണ്.

കൃഷി (കൃഷി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 30732/എജി3/97/കൃഷി തീയതി 3-10-1998)

സ്റ്റോൺ ക്രഷറുകൾ സൃഷ്ടിക്കുന്ന മലിനീകരണ പ്രശ്നങ്ങൾ കൃഷിയെ എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ച് നീലേശ്വരം റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷനിലെ പ്രൊഫ. വി. സുകുമാരപിള്ളയുടെ പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ ഇവയാണ്:

(1) സ്റ്റോൺ ക്രഷറുകൾക്ക് ലൈസൻസ് നൽകുമ്പോൾ പൊല്യൂഷൻ കൺട്രോൾ ബോർഡ് നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

(2) സ്റ്റോൺ ക്രഷറുകൾ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പൊടി ചെടികളുടെ ഇലകളിൽ പറ്റിപ്പിടിച്ച് പ്രകാശ സംശ്ലേഷണ പ്രക്രിയയ്ക്ക് തടസ്സമുണ്ടാക്കുമെങ്കിലും ഈ പൊടിപടലം മഴയത്ത് ഒലിച്ചുപോകുന്നതിനാൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ല.

(3) കേരളത്തിലെ എല്ലാ മണ്ണിന്റെയും പേരന്റ് മെറ്റീരിയൽ 'ഗ്രാനൈറ്റ് 'ആയതിനാൽ മണ്ണിന് ഈ പൊടികൾകൊണ്ട് യാതൊരു ദൂഷ്യവും ഉണ്ടാകുന്നില്ല.

<u>തദ്ദേശസ്വയംഭരണ (എൻ) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ 48720/എൻ1/95/തഭവ. തീയതി 28-5-1999)

ക്രഷറുകൾ നിമിത്തമുള്ള മലിനീകരണത്തെപ്പറ്റി ബോർഡ് വിശദമായി പഠനം നടത്തുകയും അതിൻപ്രകാരം ക്രഷറുകൾക്കുള്ള നിബന്ധനകളിൽ സമൂലമാറ്റം വരുത്തുകയും ചെയ്തുകഴിഞ്ഞു. സമിതി നിർദ്ദേശിച്ചതുപോലെ വിവിധ മേഖലയിൽ ക്രഷറുകളുടെ പ്രത്യാഘാതത്തെപ്പറ്റി പഠനം നടത്തുവാൻ ആരോഗ്യ, കൃഷി, തൊഴിൽ വകുപ്പുകളുടെ സംയുക്തശ്രമം മുനിസിപ്പൽ വകുപ്പിന്റെയും പഞ്ചായത്ത് വകുപ്പിന്റെയും ബോർഡിന്റെയും സഹകരണത്തോടെ നടത്തുന്നതിനും ആലോചനയിലുണ്ട്.

<u>ശിപാർശ (10)</u>

സ്റ്റോൺ ക്രഷറുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് 1989-ൽ ലേബർ ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിച്ച 37741/എ 2/88/എൽ.ബി.ആർ. നമ്പർ സർക്കുലറാണ് പ്രാബല്യത്തിലുള്ളത്. ഈ സർക്കുലർ സമിതിയുടെ മേൽപ്പറഞ്ഞ ശിപാർശകൾ കൂടി കണക്കിലെടുത്തുകൊണ്ട് പരിഷ്കരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ 37870/ജി2/96/ആകുവ. തീയതി 25-8-1997)

ഈ ശിപാർശ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ടതല്ല. പ്രസക്തഭാഗം മേൽ നടപടിക്കായി തൊഴിൽ വകുപ്പിന് നൽകിയിട്ടുണ്ട്.

<u>തദ്ദേശസ്വയംഭരണ (എൻ) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ 48720/എൻ1/95/തഭവ. തീയതി 28-5-1999)

സ്റ്റോൺ ക്രഷറുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള നിബന്ധനകൾ 1-5-1998 മുതൽ പ്രാബല്യത്തോടെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സമൂലം പരിഷ്കരിച്ചിട്ടുണ്ട്.

<u>ശിപാർശ (11)</u>

വർദ്ധിച്ചുവരുന്ന പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുവാൻ ആവശ്യമായ ഇൻഫ്രാസ്ട്രക്ചറോടുകൂടി പി.സി.ബി. സംവിധാനം വിപുലീകരിക്കേണ്ടതാണ് .

സർക്കാർ സ്വീകരിച്ച നടപടി

ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 37870/ജി2/96/ ആകുവ. തീയതി 25-8-1997)

മലിനീകരണ നിയന്ത്രണ ബോർഡ് ഘട്ടംഘട്ടമായി വിപുലീകരിച്ചുവരികയാണ്.

തദ്ദേശസ്വയംഭരണ (എൻ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 48720/എൻ1/95/തഭവ. തീയതി 28-5-1999)

ബോർഡിനു പ്രാതിനിധ്യം ഇല്ലാത്ത 5 ജില്ലകളിൽ കൂടി ക്രമേണ ഓഫീസുകൾ തുടങ്ങാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ബോർഡിന് സംസ്ഥാന സർക്കാരിൽ നിന്നല്ലാതെ ധനസഹായം ലഭിക്കുന്ന പഠനപദ്ധതികളിൽ ഏർപ്പെടാൻ ആവശ്യംവേണ്ട തസ്തികകൾ അനുവദിക്കാനുള്ള ബോർഡിന്റെ അപേക്ഷയും സർക്കാരിന്റെ പരിഗണനയിലാണ്.

## അദ്ധ്യായം III

## ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശ

### ശിപാർശ (4)

മലിനീകരണ നിവാരണ സംവിധാനങ്ങൾ ഏർപ്പെടുത്താതെ പ്രവർത്തിക്കുന്ന മെറ്റൽ ക്രഷറുകൾക്കെതിരെ കോടതിയിൽ കേസ് കൊടുക്കുന്നതിന് മാത്രമെ മലിനീകരണ നിയന്ത്രണ ബോർഡിന് അധികാരമുള്ളൂ. കുറേക്കൂടി ഫലപ്രദമായി പ്രവർത്തിക്കാൻ ബോർഡിനോ മറ്റ് ഗവൺമെന്റ് ഏജൻസികൾക്കോ കഴിയണമെങ്കിൽ നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും ഭേദഗതികൾ ആവശ്യമാണെന്ന് സമിതി കരുതുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നിയമ ഭേദഗതി ചെയ്യുന്നതിനെക്കുറിച്ച് ബന്ധപ്പെട്ട വകുപ്പുകൾ നിയമവകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കേണ്ട താണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 37870/ജി3/96/ആകുവ. തീയതി 25-8-1997)

മലിനീകരണം ഉണ്ടാകുന്നതും ബോർഡിന്റെ നിർദ്ദേശങ്ങൾ പാലിക്കാൻ കൂട്ടാക്കാത്തതുമായ മെറ്റൽ ക്രഷറുകൾക്കെതിരെ വായു നിയമപ്രകാരമുള്ള നടപടി മലിനീകരണ നിയന്ത്രണ ബോർഡ് എടുക്കുന്നതാണ്. കൂടുതൽ ഫലപ്രദമായ പെട്ടെന്നുള്ള നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ ഭേദഗതികൾ നിയമത്തിലും ചട്ടങ്ങളിലും സമിതി നിർദ്ദേശിച്ചപോലെ വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബോർഡ് തയ്യാറാക്കിവരികയാണ്.

<u>തദ്ദേശസ്വയംഭരണ (എൻ) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ 48720/എൻ1/95/തഭവ. തീയതി 28-5-1999)

മലിനീകരണം നിയന്ത്രിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻവരെ ഉത്തരവുനൽകാനും അവയുടെ വിദ്യുച്ഛക്തി കണക്ഷൻ വിഛേദിക്കാൻ ഉത്തരവ് നൽകാനും ബോർഡിന് ഇപ്പോൾ അധികാരമുണ്ട്. പ്രസ്തുത അധികാരം ബോർഡിന്റെ ജില്ലാതല മേധാവികൾക്കു വികേന്ദ്രീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം 100-ൽപ്പരം ക്രഷറുകൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും അവയിൽ 29 എണ്ണം പൂട്ടാൻ ഉത്തരവു നൽകുകയും ചെയ്തിട്ടുണ്ട്. പകർപ്പ് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ബോർഡ് അടച്ചുപൂട്ടാൻ ഉത്തരവു നൽകിയിട്ടുള്ള വ്യവസായശാലകളുടെ ലൈസൻസ് ഉടൻതന്നെ റദ്ദാക്കാനും അവ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്താനും പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അടച്ചുപൂട്ടാൻ ഉത്തരവ് നൽകിയിട്ടുള്ളതും മലിനീകരണം നിയന്ത്രിക്കാതെ പ്രവർത്തിക്കുന്നതുമായ 29 വ്യവസായശാലകളുടെ ലൈസൻസ് റദ്ദാക്കാനും അവ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്താനും പഞ്ചായത്തുകൾക്ക് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങളിന്മേലുള്ള ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുക.

1996 മാർച്ച് മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ടിലെ 4-ാംഖണ്ഡികയിലെ ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയിന്മേൽ 16-12-2003-ൽ സമിതി ആവശ്യപ്പെട്ട അധികവിവരത്തിനുള്ള മറുപടി നീണ്ട പത്തുവർഷങ്ങൾ കഴിഞ്ഞിട്ടും ലഭിക്കാത്ത സാഹചര്യത്തിൽ 27-8-2014-ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. തെളിവെടുപ്പ് വേളയിൽ ഇതു സംബന്ധിച്ച അന്തിമ മറുപടി ഉടൻ ലഭ്യമാക്കാമെന്ന് സമിതിക്ക് ഉറപ്പുനൽകിയെങ്കിലും ആയത് പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് വകുപ്പ് വരുത്തിയിരിക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാതിരിക്കുന്ന നടപടി അങ്ങേയറ്റം അപലപനീയമാണ്. <u>സമിതി ആവശ്യപ്പെട്ട അധികവിവരത്തിനുള്ള മറുപടി അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

സി. പി. മുഹമ്മദ്,
*ചെയർമാൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ജനുവരി 14.

അനുബന്ധം

## KERALA STATE POLLUTION CONTROL BOARD
## THIRUVANANTHAPURAM-4

No. PCB/T1/17/80. Dated 30-4-1998.

CIRCULAR

*Sub*:—Stone Crushers—Issue of NOC/Consent to establish and consent to operate

The Board in its 117th meeting has revised the norms/criteria for establishment/operation of stone crushers with effect from 1st May, 1998. Applications received up to 30-4-1998 shall be processed as per the site suitability criteria prevalent then.

1. **NOC/Consent to establish**

1.1 *Suitability of site*

NOC/Consent to establish shall be granted for a stone crusher only if the site suitability criteria (1.1.1. to 1.1.6.) are satisfied. Otherwise the clearance shall be refused. Those who do not satisfy the criteria may be advised not to apply so as to avoid wastage of effort.

1.1.1 To establish a crusher unit with a crushing capacity ≤ 30 HP, the applicant should own the site at least to an extent of 0.5 hectare. For crusher unit with crushing capacity > 30 HP, the applicant should own the site at least to an extent of 1 hectare. The capacities (HP) of the auxiliary unit like screen, conveyor, etc. are not taken into account.

1.1.2 The crusher unit should be located within the applicants own site providing a minimum distance of 30m. in the case of crushers of capacity ≤ 30 HP and 50 m. in the case of crushers of capacity > 30 HP from the centre of the crusher unit to the boundary of the site.

1.1.3 There should be a clear distance of 250 m. from the centre of the proposed crusher unit to the periphery of the structure of any residence, public building or place of worship. There is no exemption for own buildings.

1.1.4 There should be a clear distance of 250 m. from the centre of the proposed crusher to State or National Highway.

1.1.5 There should be a minimum clear centre to centre distance of 500 m. from the proposed crusher to existing crushers. Crushers for which NOC/Consent to establish is already given but yet to start construction shall be considered existing crushers for the purpose.

1.1.6 Permanent source of adequate water supply (minimum 6000 1/day for crushes of capacity < 30 HP and 10000 1/day for those > 30 HP) has to be identified at the site and specified in the NOC/Consent to establish.

1.2 *Pollution Control measures*

1.2.1 Crushers, classifiers, screens and other noise and or dust producing units should be housed in buildings with wall of minimum 23 cm. thickness and with suitable roofing. (In the light of this requirement, the requirement of wind breaking walls is deleted).

1.2.2 Dust suppression system with water spray and sprinkling should be provided.

1.2.3 Dust extraction and collection system should be provided at crushes, transfer points, screens etc.

1.2.4 Water storage facility of at least 2 days capacity should be provided.

1.2.5 The roads inside the crusher premises should be tarred or concreted.

1.2.6 Facility for regular cleaning and wetting of the ground should be provided.

1.2.7 Trees suitable species should be planted to develop a green belt within and along the boundary of the premises.

1.2.8 The crusher should not be operated between 6.00 p.m. and 6.00 a.m.

1.3 *Standards*

The following standards shall be specified in the NOC/Consent to establish. The standards may be made more stringent in deserving cases:

1.3.1 The Suspended particulate matter in ambient air at 40 m. from the centre of the crusher should not exceed 600 $\mu g/m^3$.

1.3.2 The sound level (Leq) at 1 m. outside the boundary of the site should not exceed 55 dB(A).

1.4 *General*

1.4.1 The capacity (HP) of the crusher (total and of crushing units) and production capacity at ([1]t/month) should be specified in the NOC/Consent to establish.

1.4.2 A signboard showing the name of the crusher and its capacity should be displayed at the entrance of the site.

1.4.3 The validity of the NOC/Consent to establish shall be for a period of two years from the date of issue. At the end of the validity period if the construction is in progress the same may be renewed based on application received for renewal of the consent. If construction is yet to be started, the applicant may apply afresh for NOC/Consent to establish and the same shall be considered on the basis of the situation of prevalent then.

2. **Consent to operate**

2.1 In the case of new crushers, consent to operate shall be issued only if the applicant has provided measures to comply with conditions of NOC/Consent to establish.

2.2 In the case of existing crusher, consent to operate will be issued/renewed only if the requirements under 1.2 are satisfied or facilities therefore are provided. A Compliance time up to 30-4-1999 shall be allowable for satisfying requirements under 1.2.1.

2.3 Consent to operate will be issued only for the capacity stated in the NOC/Consent to establish.

2.4 For expansion of capacity, application has to be made for consent to establish. Expansion will not be allowed for crusher not meeting the requirements under 1.1.

(Sd.)
*MEMBER SECRETARY.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.